# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ജൂലായ് 18 മുതൽ ജൂലായ് 22 വരെ)

## കോഴിക്കോട് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.കെ.ഡി. 57/2020 | തീയ്യതി: 17/07/2020 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 92.6 | 27.2 – 31.8 | 23.4– 25.2 | 83– 100 | 00 -08 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 18.07.2020 | 19.07.2020 | 20.07.2020 | 21.07.2020 | 22.07.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 25 | 18 | 4 | 7 | 18 |
| കൂടിയ താപനില, °C | 27 | 27 | 29 | 29 | 29 |
| കുറഞ്ഞ താപനില, °C | 23 | 23 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 83 | 83 | 83 | 83 | 83 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 6 | 12 | 12 | 12 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 290 | 290 | 320 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 7 | 7 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | വരുന്ന ദിവസങ്ങളിൽ കനത്ത മഴ പ്രതീക്ഷിക്കാം .<br>തെങ്ങിൻ തൈകളുടെ മൃദുല ഭാഗങ്ങൾ വല കൊണ്ട് പൊതിഞ്ഞു കെട്ടുക. നെല്ലിന്റെ ഒന്നാം വിളയിൽ കള ശല്യം ഉണ്ടെങ്കിൽ കൈ കൊണ്ട് പറിച്ചു കളയുകയോ കളനാശിനി ഉപയോഗിക്കുകയോ ചെയ്യുക.തെങ്ങിന്റെ കൂമ്പു ചീയൽ തടയാൻ 2 ഗ്രാം മാങ്കൊസബ് അടങ്ങിയ തുളയുള്ള ചെറു സഞ്ചികൾ വാങ്ങി കുരുത്തോലയുടെ കവിളിൽ കെട്ടിവയ്ക്കുക. | | |
| തെങ്ങ് നടീൽ | തൈകൾ നടാൻ പറ്റിയ സമയമാണ്.<br>നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ നീളവും വീതിയും ആഴവും വേണം.<br>നടുന്നതിനു മുൻപ് മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തി മിശ്രിതം ഉപയോഗിച്ചു കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറയ്ക്കണം. ഇപ്രകാരം നികത്തിയ ശേഷം, നടുവിൽ തൈ വയ്ക്കാൻ പാകത്തിൽ ചെറു കുഴി തയാറാക്കി കണ്ണാടി ഭാഗത്തു മണ്ണ് വീഴാത്ത വിധത്തിൽ തൈ നട്ട് ഉറപ്പിക്കുക. തൈ മറിഞ്ഞു വീഴാതിരിക്കാൻ താങ്ങു കൊടുക്കുക. കുഴിയിലേക്ക് വെള്ളം ഒളിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക. | | |

| | | | |
|---|---|---|---|
| നെല്ല് | വിവിധ ഘട്ടം | ഇലകരിച്ചിൽ  | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി (ഏക്കറിന് 2 കിലോ എന്ന തോതിൽഎന്ന തോതിൽ പാടത്തേക്കു വെള്ളം കയറുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക. രോഗാധിക്യം ഉണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ (ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി) തളിക്കുക. |
| | | പോള കരിച്ചിൽ  | മുൻ കരുതലായ് പ്സ്യൂഡോമോണാസ് ഫ്ലൂറസെൻസ് ( 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക |
| | | തണ്ടു തുരപ്പൻ  | ആക്രമണം ഉണ്ടെങ്കില് ടാക്കൂമി 3 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക. |
| | | നീല വണ്ട്  | വയലിലെ വെള്ളം വറ്റിച്ച് 3 ദിവസത്തിന് ശേഷം മണ്ണെണ്ണ ഇമൽഷൻ (15 മില്ലി മണ്ണെണ്ണ 1 ലിറ്റർ സോപ്പു ലായനിയിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയത്) തളിക്കുക. |
| വാഴ | വിവിധ ഘട്ടം (നേന്ത്രൻ വാഴ) | തടതുരപ്പൻ പുഴു  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 5% SC (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക.<br><br>ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| | വിവിധ ഘട്ടം<br><br>(നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |

| | | | |
|---|---|---|---|
| കശുമാവ് | കശുമാവ് മൂന്നു വർഷം വരെ പ്രായമുള്ള ചെടികൾ | തേയില കൊതുക്-ആന്ത്രാക്നോസ് രോഗ മിശ്രണം  | രു ലിറ്റർ വെള്ളത്തിന് 3 ഗ്രാം വീതം കോപ്പർ ഓക്സീക്ലോറൈഡ് കലർത്തി തയ്യാറാക്കിയ ലായനിയിൽ ലിറ്ററിന് 2 മില്ലി വീതം ക്വിനാൽഫോസ് കലർത്തി കശുമാവ് ചെടികളിൽ തളിക്കുക. |
| കപ്പ | രണ്ടു മാസം വരെ പ്രായം | മൊസൈക് രോഗം  | ചെടികളുടെ ആരോഗ്യം ക്ഷയിക്കാതിരിക്കാനും വിളവ് നഷ്ടം കുറയ്ക്കാനും ഇനി പറയുന്ന കരുതലുകൾ സ്വീകരിക്കുക. ചെടി ഒന്നിന് 100 ഗ്രാം വീതം ഡോളോമൈറ്റ് ചുറ്റും നൽകി മണ്ണുമായി ഇളക്കി ചേർക്കുക. മൂന്നാഴ്ച്ചയ്ക്കു ശേഷം 25 ഗ്രാം ഫാക്റ്റംഫോസ് + 10ഗ്രാം പൊട്ടാഷ് + ഒരു ഗ്രാം സിങ്ക് സൾഫേറ്റ് നൽകുക. നാല്പത്തഞ്ചു ദിവസം കഴിഞ്ഞു വീണ്ടും 10 ഗ്രാം പൊട്ടാഷ് നൽകുക. അടുത്ത തവണത്തേക്ക് ഈ ചെടികളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കരുത്. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി